# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/265/2017 2017 ഡിസംബർ 15

## പത്രക്കുറിപ്പ്

**അപേക്ഷാ തീയതി**
രണ്ടാം വർഷ ബി.എസ്.സി നഴ്സിംഗ് (2015 അഡ്മിഷൻ റെഗുലർ, 2009 മുതൽ 2014 വരെ അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജനുവരി 17-ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഡിസംബർ 26 വരെയും 50 രൂപ പിഴയോടെ 27 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 29 വരെയും സ്വീകരിക്കും. റെഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടും എഴുതുന്നവർ പേപ്പർ ഒന്നിന് 20 രൂപ വീതവും (പരമാവധി 100 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാ ഫീസിനൊപ്പം അടയ്ക്കണം.

**പരീക്ഷാ ഫലം**
2017 മെയ് മാസം നടത്തിയ നാലാം സെമസ്റ്റർ എം.എ. - ഭരതനാട്യം, മോഹിനിയാട്ടം, വയലിൻ, മ്യൂസിക് വീണ, കഥകളി വേഷം, കഥകളി സംഗീതം, മൃദംഗം (റെഗുലർ/സപ്ലിമെന്ററി) എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഡിസംബർ 26 വരെ അപേക്ഷിക്കാം.

2016 ഡിസംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി. മൈക്രോബയോളജി (നോൺ സി.എസ്.സ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഡിസംബർ 29 വരെ അപേക്ഷിക്കാം.

2016 ഡിസംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി ഹോം സയൻസ് (സപ്ലിമെന്ററി & മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഡിസംബർ 27 വരെ അപേക്ഷിക്കാം.

2016 ഡിസംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി ബയോകെമസ്ട്രി (സപ്ലിമെന്ററി & മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഡിസംബർ 27 വരെ അപേക്ഷിക്കാം.

**ബിടെക് മൂല്യനിർണ്ണയം**
ഏഴാം സെമസ്റ്റർ ബിടെക് (റെഗുലർ/സപ്ലിമെന്ററി), മൂന്നും, അഞ്ചും, എട്ടും സെമസ്റ്റർ ബിടെക് (സപ്ലിമെന്ററി) എന്നീ പരീക്ഷകളുടെ മൂല്യനിർണ്ണയ ക്യാമ്പ് പാമ്പാടി ആർ.ഐ.ടി., കോതമംഗലം എം.എ.സി.ഇ., മുട്ടം എസ്.സി.എം.എസ്. സ്കൂൾ ഓഫ് ടെക്നോളജി ആന്റ് മാനേജ്മെന്റ് എന്നീ കേന്ദ്രങ്ങളിൽ ഡിസംബർ 18 -ന് ആരംഭിക്കും. അദ്ധ്യാപകർ നിർദിഷ്ട കേന്ദ്രങ്ങളിൽ ഹാജരാകണം.

**എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർമാരുടെ യോഗം**
മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ജൈവം 2017 പദ്ധതിയുടെ തുടർ നത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ജൈവം പദ്ധതിയിൽ പങ്കെടുത്ത എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർമാരുടെ യോഗം ഡിസംബർ 18 -ന് കോട്ടയം ബസേലിയസ് കോളേജിൽ വച്ച് നടത്തുന്നതാണ്. രാവിലെ 11 മണി മുതൽ ഒരു മണി വരെയുള്ള ആദ്യ ഘട്ട യോഗത്തിൽ 70% -ത്തിനു മുകളിൽ സർവ്വെ ജോലികൾ പൂർത്തിയാക്കിയ യൂണിറ്റുകളുടെ പ്രോഗ്രാം ഓഫീസർമാരും ഉച്ച കഴിഞ്ഞ് 2.00 മുതൽ 4.00 വരെയുള്ള 2-ാം ഘട്ട യോഗത്തിൽ 50% മുതൽ 70% വരെ സർവ്വെ ജോലികൾ പൂർത്തിയാക്കിയ യൂണിറ്റുകളുടെ പ്രോഗ്രാം ഓഫീസർമാരും പങ്കെടുക്കേണ്ടതാണ്.

**എം.ജി.യിൽ സൗത്താഫ്രിക്കൻ ശാസ്ത്രജ്ഞന്റെ പ്രഭാഷണം**
മഹാത്മാഗാന്ധി സർവ്വകലാശാലാ നാനോ സയൻസ് പഠനകേന്ദ്രവും സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും സംയുക്തമായി നടത്തുന്ന എറുഡൈറ്റ് പ്രഭാഷണ പരമ്പരയിൽ സൗത്താഫ്രിക്കൻ ശാസ്ത്രജ്ഞൻ ഡോ. സാമുവേൽ ഒലുബാട്ടോബി ഒലുമാഫെയി 'കാൻസർ തെറാപ്പിയിൽ മൂന്നാം തലമുറ ഫോർഫെയിർ-ന്റെ ഉപയോഗം' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തും. ഡിസംബർ 18, 19 തീയതികളിൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് സെമിനാർ ഹാളിൽ വൈകുന്നേരം 4 മുതൽ 5 വരെ ആയിരിക്കും പ്രഭാഷണം. വിവരങ്ങൾക്ക് : ഫോൺ - 8547487675.

**<u>വിവേകാനന്ദനെ അറിയുക – സ്വാമി നന്ദാത്മജാനന്ദ</u>**

വാക്കും പ്രവൃത്തിയും സമന്വയിപ്പിച്ച വ്യക്തിത്വമായിരുന്നു സ്വാമി വിവേകാനന്ദന്റേത് എന്ന് പ്രബുദ്ധകേരളം എഡിറ്റർ സ്വാമി നന്ദാത്മജാനന്ദ മഹാരാജ് അഭിപ്രായപ്പെട്ടു. കേരള സംസ്ഥാന സാംസ്കാരികകാര്യവകുപ്പ് മലയാളം മിഷനും മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സും സംയുക്തമായി സംഘടിപ്പിച്ച വിവേകാനന്ദ സ്പർശം സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്വാമി വിവേകാനന്ദൻ കേരളം സന്ദർശിച്ചതിന്റെ നൂറ്റിയിരുപത്തിയഞ്ചാം വാർഷികത്തോടനുബന്ധിച്ചാണ് സെമിനാർ സംഘടിപ്പിച്ചത്. യാഥാസ്ഥിതിക ചിന്തകളെ പിൻതള്ളി നവീന വിദ്യാഭ്യസത്തെ ഉൾക്കൊള്ളുവാൻ ആഹ്വാനം ചെയ്ത പ്രായോഗിക വാദിയായിരുന്നു സ്വാമി വിവേകാനന്ദൻ എന്ന് ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ ജെ. രഘു അഭിപ്രായപ്പെട്ടു. സ്കൂൾ ഓഫ് ലെറ്റേഴ്സ് ഡയറക്ടർ ഡോ. കെ. എം. കൃഷ്ണൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ മലയാളം മിഷൻ സംസ്ഥാന കോ–ഓർഡിനേറ്റർ സുജ സൂസൻ ജോർജ്, ഡോ. ബി. സനീഷ്, ഡോ. ജോസ്, അനീറ്റ എന്നിവർ സംസാരിച്ചു.

**അടികുറിപ്പ്:** മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ സംഘടിപ്പിച്ച വിവേകാനന്ദ സ്പർശം സെമിനാർ ഉദ്ഘാടനം ചെയ്ത് പ്രബുദ്ധകേരളം എഡിറ്റർ സ്വാമി നന്ദാത്മജാനന്ദ മഹാരാജ് സംസാരിക്കുന്നു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**